(ബി) റേഷൻ വ്യാപാരികളുടെ നിലവിലുള്ള കമ്മീഷൻ എത്ര ശതമാനമാണ്;

(സി) കമ്മീഷൻ കൂട്ടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) ഒരു റിട്ടെയിൽ റേഷൻ ഷോപ്പിൽ മിനിമം ഇത്ര റേഷൻ കാർഡ് ഉണ്ടായിരിക്കണമെന്ന് നിശ്ചയിച്ചിട്ടില്ല.

(ബി) ഡിപ്പോയിലേക്കുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിലാണ് മാർജിൻ നിശ്ചയിച്ചിരിക്കുന്നത്. വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഇപ്പോഴം ഇല്ല.

റയിൽവേ വൈദ്യുതീകരണം

* 182 [185] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാക്കിയാൽ കേരളത്തിലെ റെയിൽവേ വൈദ്യുതീകരിക്കാം എന്നുള്ള റെയിൽവേ അധികൃതരുടെ നിലപാട് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലക്കാട് മുതൽ തിരുവനന്തപുരം വരെയുള്ള റെയിൽവേ ലൈൻ വൈദ്യുതീകരിക്കാൻ റെയിൽവേക്കു കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാമെന്നു കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കുറഞ്ഞ ചെലവിൽ വൈദ്യുതി റെയിൽവേക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) കേരളത്തിലെ റെയിൽവേ വൈദ്യുതീകരിക്കുന്നതിന് ഏതു നിരക്കിൽ വൈദ്യുതി നൽകാൻ സാധിക്കുമെന്ന് അറിയിക്കാൻ റെയിൽവേ അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇത് പരിഗണനയിലാണ്.

നാലാം ശമ്പളപരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിലുള്ള അപാകതകൾ

* 183 [186] ശ്രീ. ബെന്നി ബഹനാൻ:
,, എം. എം. ഹസ്സൻ:
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:
,, തോപ്പിൽ രവി:
,, രാഘവൻ പൊഴക്കടവിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലാം ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് നടപ്പിലാക്കിയതിലുള്ള അപാകതകളെ കുറിച്ച് സർവീസ് സംഘടനകളിൽ നിന്നും എന്തെങ്കിലും നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ.തച്ചടി പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) അപാകതകൾ എന്ന നിലയിൽ മുഖ്യമായും പുതുക്കിയ ശമ്പളസ്കെയിലുകൾ, പ്രമോഷൻ ആനുകൂല്യങ്ങൾ എന്നിവയുടെ അപര്യാപ്തതയെക്കുറിച്ചാണ് സർവീസ് സംഘടനകൾ നിവേദനം നൽകിയിട്ടുള്ളത്. ശമ്പളകമ്മീഷനെപ്പോലെയുള്ള ഒരു ഉന്നതാധികാര കമ്മീഷൻ വിശദമായ പഠനത്തിനുശേഷം സമർപ്പിച്ച ശുപാർശകൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ട ആവശ്യം ഉണ്ടെന്ന് ഗവൺമെന്റ് കരുതുന്നില്ല. എന്നിരുന്നാലും തെറ്റായ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻ ശുപാർശകൾ നൽകാൻ ഇടവന്നിട്ടുള്ളതെങ്കിൽ അത്തരം കേസുകൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഏറ്റെടുത്ത പണികൾ

* 184 [187] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കഴിഞ്ഞ മൂന്നു വർഷക്കാലം ഏറ്റെടുത്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നിശ്ചിത കാലയളവിൽ പണി പൂർത്തിയാക്കാത്തതുമൂലം റവന്യൂ ഇനത്തിൽ എത്രകോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്;

(സി) മേൽപറഞ്ഞ പദ്ധതികളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണപിള്ള):

(എ) ലോവർ പെരിയാർ പദ്ധതിയും നാരകക്കാനം പദ്ധതിയും കൂടാതെ മാട്ടുപ്പെട്ടി, മലമ്പുഴ എന്നീ പദ്ധതികളുടെ പ്രാരംഭ ജോലികളുമാണ് ഏറ്റെടുത്തത്.

(ബി) പൂർത്തീകരണ സമയം ആയിട്ടില്ല. അതുകൊണ്ട് നഷ്ടത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

(സി)

പദ്ധതിയുടെ പേര്	പ്രതിവർഷ വൈദ്യുതി ഉൽപ്പാദനം
ലോവർപെരിയാർ	493 ദശലക്ഷം യൂണിറ്റ്
നാരകക്കാനം	7 ,,
മാട്ടുപ്പെട്ടി	6.4 ,,
മലമ്പുഴ	5.6 ,,

LIBRARY ARCHIVES Kerala Legislative Assembly